നൽകിയിട്ടുള്ളത്. പ്രവൃത്തികൾ ഏർപ്പാടാക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 12T കപ്പാസിറ്റി മൾട്ടിപർപ്പസ് ക്രെയിൻ, ഹോർക്ക് ലിഫ്റ്റ് എന്നിവ വാങ്ങുന്നതിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) കൊല്ലം തുറമുഖത്തിലേക്ക് വാടി മുതൽ പള്ളിത്തോട്ടം വരെയുള്ള 4 വരി പാതയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ ASIDE പദ്ധതിയിൽ 62.50 മീറ്റർ നീളത്തിൽ വാർഫും കണ്ടെയിനർ യാഡ്ഡും നിർമ്മിക്കുകയുണ്ടായി. ഇതിനു പുറമേ പാതക്കുസുക്ഷിക്കുന്നതിനായി ട്രാൻസിറ്റ് ഷെഡ്ഡ് നിർമ്മാണം പൂർത്തീകരിക്കുകയും മറ്റൊന്നിന്റെ നിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ഇ) ബജറ്റിൽ വക കൊള്ളിച്ചിരിക്കുന്ന പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. തുറമുഖത്തിന്റെ സമഗ്ര വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് കൺസൾട്ടന്റായ M/s. Dcloitte സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് അംഗീകരിച്ചശേഷം പി.പി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) അതെ.

(ജി) കൊല്ലം(തങ്കശ്ശേരി) തുറമുഖ വികസനത്തിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

അഴീക്കൽ തുറമുഖത്തു നിന്നും മണൽ വാരുന്നതിന് നടപടി

181 (6353) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ പ്രദേശത്തു നിന്നും മണൽ വാരുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ ഉത്തരവ് തുറമുഖ വകുപ്പ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ ;

(സി) അഴീക്കൽ തുറമുഖത്തു നിന്നും മണൽ വാരുന്നതിന് ആർക്കെല്ലാമാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഓരോ സംഘത്തിനും ശേഖരിക്കാൻ അനുവദിച്ച മണൽ എത്രയാണെന്നും അതിന് ഓരോ സംഘവും അടച്ച വില എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(ഇ) സംഘങ്ങൾക്ക് മണൽ ശേഖരിക്കുന്നതിന് സ്ഥലം നിർണ്ണയിച്ചു കൊടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നിശ്ചയിക്കപ്പെട്ട അളവിൽ മാത്രമേ ഓരോ സംഘവും മണൽ വാരുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുവാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 18-3-2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) 17/10/മത്സ്യ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

(സി & ഡി) 1. കണ്ണൂർ ബിൽഡിംഗ് മെറ്റീരിയൽസ് മാർക്കറ്റിംഗ് കോ-ഓപ്പ് റേറ്റീവ് സൊസൈറ്റി, പാപ്പിനിശ്ശേരി

അനുവദിച്ച മണൽ - 7000 ടൺ

അടച്ച വില - 3,50,000 രൂപ

2. കണ്ണൂർ താലൂക്ക് വേലോഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കണ്ണൂർ

അനുവദിച്ച മണൽ - 5000 ടൺ

അടച്ച വില - 2,50,000 രൂപ

3. കണ്ണൂർ ഡിസ്ട്രിക്റ്റ് ബിൽഡിംഗ് മെറ്റീരിയൽസ്, ഫർണിച്ചർ മാർക്കറ്റിംഗ് ആന്റ് മാനുഫാക്ചറിംഗ് കോ-ഓർപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, പക്കരക്കല്ല്.

അനുവദിച്ച മണൽ - 4000 ടൺ

അടച്ച വില - 2,00,000 രൂപ

4. കണ്ണൂർ ഷെഡ്യൂൾഡ് കാസ്റ്റ് റബ്ബർ, പ്ലാസ്റ്റിക് വുഡ്, സിമെന്റ് & സ്റ്റീൽ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, പറശ്ശിനിക്കടവ്.

അനുവദിച്ച മണൽ - 6000 ടൺ

അടച്ച വില - 3,00,000 രൂപ

5. പയ്യന്നൂർ വേലർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, പയ്യന്നൂർ.

അനുവദിച്ച മണൽ - 5000 ടൺ

അടച്ച വില - 2,50,000 രൂപ

(ഇ) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഓരോ ദിവസവും വാഹനങ്ങളിൽ കയറ്റുന്ന മണലിന്റെ അളവ് പോർട്ട്ഓഫീസിൽ നിന്നും നൽകുന്ന വാഹന പാസിലും, കടവുകളിൽ സൂക്ഷിക്കുന്ന കടവ് രജിസ്റ്ററുകളിലും കൃത്യമായി രേഖപ്പെടുത്തുകയും, വകുപ്പുദ്യോഗസ്ഥർ പരിശോധന നടത്തി ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

കേരളത്തിനായി റെയിൽവേ ബോർഡ് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതിന് നടപടി

182 (6354) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമാണ് ;

(ബി) ഏതെല്ലാം പാതകൾ ഇരട്ടിപ്പിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട് ; അവയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) റെയിൽവേ വികസനത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) റെയിൽവേലൈൻ വൈദ്യുതീകരിക്കുന്നതിനുള്ള പ്രവൃത്തികൾ ഏതെല്ലാം സെക്ടറുകളിലാണ് നടക്കുന്നത് ;

(ഇ) കേരളത്തിനായി റെയിൽവേ ബോർഡ് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ ജാഗ്രത പുലർത്തുമോ ?

ഉത്തരം

(എ) പുതിയ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, മേൽപ്പാല നിർമ്മാണം, ഇ.എം.യു കാർഷെഡ്, റെയിൽ കോച്ച് ഫാക്ടറി, വാഗൺ ഫാക്ടറി, സ്റ്റേഷനുകളുടെ നവീകരണം എന്നിവയാണ് പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ.

(ബി) 1. ഷൊർണൂർ-മംഗലാപുരം അവസാന ഘട്ടത്തിലാണ്.

2. എറണാകുളം-കോട്ടയം-കായംകുളം പണി പുരോഗമിച്ചു വരുന്നു.

3. കായംകുളം-അമ്പലപ്പുഴ-ഹരിപ്പാട് വരെ പണി പുരോഗമിക്കുന്നു.

4. എറണാകുളം-കുമ്പളങ്ങി നടപടി ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly